# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

05.03.2018-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 973**

## മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പുതിയ സാമ്പത്തിക വർഷം മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളെ പരിഗണിയ്ക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡം എന്താണ് ; കാട്ടാക്കട മണ്ഡലത്തിൽ നിന്നും ഇത്തരത്തിൽ ഏതെല്ലാം സ്കൂളുകളെയാണ് പരിഗണിച്ചിട്ടുള്ളത്? | 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ 500 കുട്ടികളിൽ കൂടുതലുള്ള എല്ലാ സ്കൂളുകളുടേയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ ഒരുകോടി രൂപവരെ ചെലവഴിക്കുന്നതാണെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഹരിത വിദ്യാലയം റിയാലിറ്റി ഷോയ്ക്ക് തെരഞ്ഞെടുത്ത എല്ലാ സർക്കാർ സ്കൂളുകൾക്കും ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. കഴിഞ്ഞ പ്രാവശ്യം 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളുടെ ലിസ്റ്റിൽ വിട്ടുപോയിട്ടുള്ള സ്കൂളുകൾക്കും മുമ്പ് പ്രഖ്യാപിച്ച മൂന്നുകോടിവരെയുള്ള ധനസഹായം ലഭ്യമാകുന്നതാണെന്നും എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് 300 കോടി രൂപ കിഫ്ബിയിൽ നിന്നും ചെലവഴിക്കുന്നതാണെന്നും 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുന്നതാണെന്നും 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്കൂൾ ലിസ്റ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ